ഉപഭോക്തൃ സങ്കട പരിഹാര ഫോറം

വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

നമ്പർ : CGRF – 6199/25 തിയ്യതി : 29.09.2025

ഹാജർ

ടി. എസ്. ജോസ് - ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ - മെമ്പർ
അഡ്വ. അസിയ.പി.കെ - മെമ്പർ

സുശീല
ഹാഷി നഗർ പരാതിക്കാരൻ
ആദിത്യ ലെയിൻ, പൂത്തോൾ.

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

പരാതിയുടെ സംക്ഷിപ്ത രൂപം :

കൺസ്യൂമർ നമ്പർ : 14849, സുശീലയുടെ പേരിലുള്ള വൈദ്യുതി കണക്ഷനിലെ 20.08.2025 ലെ 589505 - ാം നമ്പർ ബില്ല് 28.08.2025 ന് ഗൂഗിൾ പേ വഴി അടവാക്കി. 796/- രൂപ പരാതിക്കാരന്റെ അക്കൗണ്ടിൽ നിന്നും ഡെബിറ്റ് ആകുകയും എന്നാൽ 30.08.2025 രാത്രി വരെ ബി ൽ തുക അടവാക്കിയ റെസീപ്റ്റ് ലഭ്യമാകാത്തതിനാൽ 31.08.2025 ന് 1/- രൂപ പലിശ സഹിതം 797/- രൂപ അടവാക്കി. പരാതിക്കാരന്റെ അക്കൗണ്ടിൽ നിന്നും 28.08.2025 ന് ഡെബിറ്റ് ആയ 796/- രൂപ അടുത്ത മാസത്തെ ബില്ലിൽ അഡ്വാൻസായി നൽകണമെന്നതാണ് പരാതി.

ഫോറത്തിന്റെ നടപടികൾ :

09.09.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. ലൈസൻസിക്കു വേണ്ടി കമ്പ്യൂട്ടർ സെക്ഷനിൽ നിന്നും സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു. 29.09.2025ന് പരാതി വിശദമായി പരിശോധിച്ചു.

വിഷയത്തിൽ കമ്പ്യൂട്ടർ സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം 20/132 ൽ കൺസ്യൂമർ നമ്പർ : 14849, സുശീല എന്ന കൺസ്യൂമർ 28.08.2025 ലും 31.08.2025 ലും ബിൽ നമ്പർ 589505 പ്രകാരമുള്ള പേമെന്റ് വെബ്സൈറ്റ് മുഖേന നടത്തിയതിൽ 31.08.2025 ൽ നടത്തിയ പേമെന്റിന് റെസീപ്റ്റ് ജനറേറ്റ് ആയതായി കാണുന്നു. 28.08.2025 ന് നടത്തിയ പേമെന്റ് സക്സസ് ആയതിനാൽ കൺസ്യൂമർ ആവശ്യപ്പെട്ടതനുസരിച്ച് റീഫണ്ട് ഇനീഷ്യേറ്റ് ചെയ്യുന്നതിനു പകരം അഡ്വാൻസ് ആയി റെസീപ്റ്റ് നം. 692927 തിയ്യതി : 28.08.2025 പ്രകാരം 796/ രൂപ വരവ് വെച്ചിട്ടുണ്ട്. പ്രസ്തുത വിവരം കൺസ്യൂമറിന് ഇ-മെയി ൽ മുഖാന്തിരം ആവശ്യപ്പെട്ടിട്ടുളളത് പ്രകാരം അറിയിച്ചിട്ടുണ്ട്.

ഫോറത്തിന്റെ നിഗമനം :

കമ്പ്യൂട്ടർ സെക്ഷൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പരാതിക്കാരന് തുക തിരികെ നൽകുന്നതിന് പകരം അഡ്വാൻസായി രേഖപ്പെടുത്തി പരാതി പരിഹരിച്ചതായി കാണുന്നു.

ഉത്തരവ്:

തുക അഡ്വാൻസായി രേഖപ്പെടുത്തിയ വിവരം പരാമർശിച്ചുകൊണ്ട് പരാതിക്കാരന് രേഖാമൂലം അറിയിപ്പ് നൽകുന്നതിന് ലൈസൻസിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

അഡ്വ. അസിയ.പി.കെ	വിനുകൃഷ്ണൻ. കെ	ടി.എസ്. ജോസ്
മെമ്പർ	മെമ്പർ	ചെയർപേഴ്സൺ